# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വന്ദേമാതരം രാജ്യത്തെ യുവജനങ്ങൾക്കും വരുംതലമുറക്കും വലിയ പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ചക്ക് പ്രധാനമന്ത്രി ലോക്സഭയിൽ തുടക്കം കുറിച്ചു.

**Prime Minister Narendra Modi says Vande Mataram is a great inspiration for the youth of the country and the coming generation. The Prime Minister has initiated a special discussion in the Lok Sabha on the 150th anniversary of Vande Mataram.**

2. സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള ഭരണകൂട ഐക്യസമിതിയുടെ 20-ാമത് സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.

**20th session of Intergovernmental Committee for Safeguarding of Intangible Cultural Heritage to begin today in New Delhi**

3. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. ഏഴു ജില്ലകൾ നാളെ പോളിംഗ് ബൂത്തിലേക്ക്.

**Preparations for the first phase of local body elections in Kerala are in the final stages. Seven districts will go to the polling booth tomorrow.**

4. തീവ്ര വോട്ടർപട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 94 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

**The Election Commission has said that more than 50 crore 94 lakh enumeration forms have been distributed so far in the second phase of the SIR.**

5. നടിയെ ആക്രമിച്ച കേസിൽ ആദ്യ ആറ് പ്രതികൾ കുറ്റക്കാരെന്ന് എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി. നടൻ ദിലീപ് കുറ്റവിമുക്തൻ.

**The first six accused in the actress sexual assault case have been found guilty by the Ernakulam Principal District and Sessions Court. Actor Dileep acquitted.**

6. ഏഴിമല ഇന്ത്യൻ നാവിക അക്കാദമി സംഘടിപ്പിക്കുന്ന അഡ്മിറൽ കപ്പിനായുള്ള പായ് വഞ്ചിയോട്ട മത്സരത്തിന് ഇന്ന് തുടക്കം.

**The Admiral Cup organized by the Ezhimala Indian Naval Academy begins today.**

&&&&&&&&&&&&&&&&&

**HEADLINE-1**

**VANDE MATARAM-DISCUSSION (INTRO)**

*പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചുള്ള*

***പ്രത്യേക ചർച്ച ലോക്സഭയിൽ ആരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. ചർച്ചയ്ക്ക് 10 മണിക്കൂർ സമയം അനുവദിച്ചിട്ടുണ്ട്. വന്ദേമാതരം രാജ്യത്തെ യുവജനങ്ങൾക്കും വരുംതലമുറക്കും വലിയ പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കൊളോണിയൽ ഭരണത്തിനെതിരെയുള്ള ഇന്ത്യയുടെ ചെറുത്ത് നിൽപ്പിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രതീകമാണ് വന്ദേമാതരമെന്ന് അദ്ദേഹം പറഞ്ഞു.***

*(ഹോൾഡ് - വോയിസ് - പി എം )*

***അതേസമയം, തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ നാളെ നടക്കും.***

&&&&&&&&&&&&&&&&&&

**VANDE MATRAM**

ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തെ ഏകോപിപ്പിക്കുന്നതിൽ ദേശീയ ഗീതമായ വന്ദേമാതരം നിർണായക പങ്ക് വഹിച്ചതായി കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പാർലമെന്റിൽ നടക്കുന്ന പ്രത്യേക ചർച്ചയ്ക്ക് മുന്നോടിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**LS - YOUTH**

മൈ ഭാരത് പോർട്ടലിൽ ഇതവരെ രണ്ട് കോടിയിലേറെ യുവജനങ്ങൾ രജിസ്റ്റർ ചെയ്തതായി കേന്ദ്ര യുവജന കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ. ലോക്സഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശനിർമ്മാണത്തിൽ യുവജനങ്ങളെ പങ്കെടുപ്പിക്കാനും അവരെ ശാക്തീകരിക്കാനുമുള്ള ഒരു വേദിയാണ് മൈ ഭാരത് പോർട്ടൽ എന്ന് ശ്രീ മാണ്ഡവ്യ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**HEADLINE-2**

**UNESCO - HERITAGE**

സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള ഭരണകൂട ഐക്യസമിതിയുടെ 20-ാമത് സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിലെ ചുവപ്പു കോട്ടയിൽ തുടക്കമാകും. യുനെസ്കോയിലെ ഇന്ത്യയുടെ അംബാസഡറും സ്ഥിരം പ്രതിനിധിയുമായ വിശാൽ വി. ശർമ്മ സെഷന് നേതൃത്വം നൽകും. യുനെസ്കോ ഐ.സി.എച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച നാമനിർദ്ദേശങ്ങൾ പരിശോധിക്കുക, സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിന് അന്താരാഷ്ട്ര സഹായം നൽകുക എന്നിവയാണ് ആറ് ദിവസത്തെ പരിപാടിയുടെ ലക്ഷ്യം. പ്രകാശത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമായ ദീപാവലിയെ ഈ വർഷത്തെ യുനെസ്കോ അദൃശ്യ പൈതൃക പട്ടികയിലേക്ക് ഇന്ത്യ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&

## PM – DOORDARSHAN PROGRAMME

ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യുന്ന "സുപ്രഭാതം" പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഈ പരിപാടി ഉന്മേഷദായകമായ അനുഭവം നൽകുന്നുവെന്ന് അഭിപ്രായപ്പെട്ട പ്രധാനമന്ത്രി ഇന്ത്യൻ സംസ്കാരത്തെയും പൈതൃകത്തെയും കുറിച്ച് അവബോധം വളർത്തുന്ന "സംസ്കൃത സുഭാഷിത"ത്തിന്റെ പ്രത്യേക പങ്ക്തിയെക്കുറിച്ചും സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## HEADLINE-3

## KERALA LSG POLLS

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് നാളെ നടക്കും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് പോളിംഗ്. പരസ്യപ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിൽ വിവിധയിടങ്ങളിലായി ആയിരങ്ങൾ പങ്കെടുത്തു. ഇന്ന് നിശബ്ദ പ്രചാരണമാണ്. രണ്ടാം ഘട്ടം ഈ മാസം 11 നും വോട്ടെണ്ണൽ 13 നും നടക്കും.

&&&&&&&&&&&&&&&&&

## POLLING PREPARATION

ഒന്നാംഘട്ട തദ്ദേശ വോട്ടെടുപ്പിന്റെ പോളിംഗ് സാധനങ്ങളുടെ വിതരണം ആരംഭിച്ചു. അതത് വിതരണ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്ത ശേഷം തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഇവ കൈപ്പറ്റും. തുടർന്ന് പ്രത്യേകം സജ്ജമാക്കിയിട്ടുള്ള വാഹനങ്ങളിൽ വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ എത്തിക്കും. വോട്ടെടുപ്പിനായി സംസ്ഥാനത്താകെ 1.8 ലക്ഷം ഉദ്യോഗസ്ഥരെയും 70,000 പോലീസുകാരെയും നിയമിച്ചിട്ടുണ്ട്. 2,535 പ്രശ്ന ബാധിത ബൂത്തുകളാണ് ഉള്ളത്. പോളിംഗ് സ്റ്റേഷനുകളായും വിതരണ, സ്വീകരണ കേന്ദ്രങ്ങളായും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർമാർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HOLIDAY ELECTION

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിലെ വോട്ടർമാരായ ജീവനക്കാർക്ക് സാധാരണ സേവന ആവശ്യകതകൾക്ക് വിധേയമായി വോട്ട് ചെയ്യാൻ അനുമതി ലഭിക്കും. – രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പോസ്റ്റ് ഓഫീസുകൾ ഇന്ന് വൈകിട്ട് ആറ് വരെ തുറന്നു പ്രവർത്തിക്കും. തപാൽ ബാലറ്റിനുള്ള അപേക്ഷകളും തപാൽ ബാലറ്റുകളും അയക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടിയാണ് നടപടി.

&&&&&&&&&&&&&&&&&&

## WAYANAd ELECTION

ഉരുൾപൊട്ടൽ ദുരന്തബാധിതരുള്ള വയനാട്ടിലെ ചൂരൽമല മുണ്ടക്കൈ പ്രദേശങ്ങളിൽ സമ്മതിദായകർക്ക് വോട്ട് ചെയ്യാൻ പ്രത്യേക വാഹന സൗകര്യം ഒരുക്കും. വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിന് സൗകര്യം ഒരുക്കണമെന്ന് വയനാട് ജില്ലാ കളക്ടർക്ക് സംസ്ഥാന തിരഞ്ഞെടുക്ക് കമ്മീഷൻ നിർദ്ദേശം നല്കി. വയനാട്ടിൽ രണ്ടാംഘട്ടത്തിലാണ് വോട്ടെടുപ്പ് നടക്കുന്നത്.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

&&&&&&&&&&&&&&&&&&

## HEADLINE-4

## ECI – SIR DATA

തീവ്ര വോട്ടർപട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 94 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇതിൽ 50 കോടിയിലധികം ഫോമുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. അതേസമയം, കേരളത്തിൽ ഇന്നലെ വൈകിട്ട് 6 വരെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 70 ലക്ഷത്തി 22 ആയിരത്തി 663 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## B L O – PRADEEPKUMAR K.P. (INTRO)

***വോട്ടർമാരുടെ സഹകരണം നല്ല രീതിയിൽ ഉണ്ടായിരുന്നതിനാലാണ് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചതെന്ന് കാസർകോട് തൃക്കരിപ്പൂർ നിയോജന മണ്ഡലത്തിലെ 24-ാം നമ്പർ ബൂത്ത് ബിഎൽഒ പ്രദീപ് കുമാർ കെ പി ആകാശവാണി വാർത്തകളോട് പറഞ്ഞു.***

***(ഹോൾഡ് വോയ്സ്...........)***

&&&&&&&&&&&&&&&&&&

## FACT CHECK – PAN CARDS

ഇ-പാൻ കാർഡുകൾ ഡൗൺലോഡ് ചെയ്യാൻ സർക്കാർ പൗരന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന തരത്തിൽ വരുന്ന ഇമെയിൽ സന്ദേശങ്ങൾ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു. സാമ്പത്തികവും വസ്തുതാപരവുമായ വിവരങ്ങൾ പങ്കിടാൻ ആവശ്യപ്പെട്ടുള്ള ഇമെയിലുകൾ, ലിങ്കുകൾ, കോളുകൾ,

എസ്എംഎസ് എന്നിവയോട് പ്രതികരിക്കരുതെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് പൗരന്മാരോട് നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

**SABARIMALA**

സന്നിധാനത്ത് ഇന്ന് രാവിലെ 10മണി വരെ ദർശനം നടത്തിയത് 40,714 തീർഥാടകർ. ഇന്ന് രാവിലെ സന്നിധാനത്ത് വൻ ഭക്തജന തിരക്കാണ് അനുഭവപെട്ടെത്. ഇതിൽ 6438 പേർ സ്പോർട്ട് ബുക്കിംഗിലൂടെയാണ് ദർശനം നടത്തിയത്.

&&&&&&&&&&&&&&&&&&

**HEADLINE-5**

**DILEEP**

നടിയെ ആക്രമിച്ച കേസിൽ നടൻ ദിലീപിനെ എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി കുറ്റവിമുക്തനാക്കി. എട്ട് വർഷത്തെ വിചാരണയ്ക്ക് ശേഷം ജസ്റ്റിസ് ഹണി എം. വർഗീസാണ് കോടതി വിധി പ്രസ്താവിച്ചത്. ബലാത്സംഗം, ഗൂഢാലോചന, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റങ്ങൾ ചുമത്തി 1 മുതൽ 6 വരെയുള്ള പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തി. ഈ മാസം 12 ന് ഇവർക്കുള്ള ശിക്ഷ വിധിക്കും.

&&&&&&&&&&&&&&&&&&

**DELHI AIRPORT ADVISORY**

ഡൽഹി വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്ന് അധികൃതർ അറിയിച്ചു. എന്നാൽ ചില വിമാനങ്ങൾ പുനക്രമീകരിക്കുകയും റദ്ദാക്കുകയും ചെയ്യിട്ടുണ്ട്. യാത്ര സംബന്ധിച്ച വിവരങ്ങൾ അതത് എയർലൈൻസുമായി ബന്ധപ്പെട്ട് സ്ഥിരീകരിക്കണമെന്ന് യാത്രക്കാരോട് വിമാനത്തവാള അധികൃതർ നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**HEADLINE-6**

**ADMIRAL CUP**

ഏഴിമല ഇന്ത്യൻ നാവിക അക്കദമി സംഘടിപ്പിക്കുന്ന അഡ്മിറൽ കപ്പിനായുള്ള പതിനാലാമത് പായ് വഞ്ചിയോട്ട മത്സരത്തിന് ഇന്ന് തുടക്കമാകും. ഇന്ത്യ ഉൾപ്പെടെ 35 രാജ്യങ്ങളിലെ നാവിക സേനാംഗങ്ങൾ ആറ് ദിവസം നീളുന്ന മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. ഇന്ത്യക്ക് വേണ്ടി ഏഴിമല നാവിക അക്കാദമിയും നാഷണൽ ഡിഫൻസ് അക്കാദമിയും മത്സരിക്കും.

&&&&&&&&&&&&&&&&&

**STOCK + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം .ബോംബെ ഓഹരി സൂചിക സെൻസെക്സ് 292 പോയിന്റ് താഴ്ന്ന് 85,420 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 112 പോയിന്റ് നഷ്ടത്തിൽ 26,075 ലും വ്യാപാരം പുരോഗമിക്കുന്നു .

സ്വർണ്ണ വില ഉയർന്നു . പവന് 95,640 രൂപയും ഗ്രാമിന് 11,955 രൂപയുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&&

**INDIA-SRI LANKA-RELIEF**

ദ്വിത്വാ ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങളിൽ നിന്ന് കരകയറാൻ ശ്രമിക്കുന്ന ശ്രീലങ്കയ്ക്ക് കൂടുതൽ മാനുഷിക സഹായങ്ങൾ എത്തിച്ച് ഇന്ത്യ . തമിഴ്നാട്ടിൽ നിന്നുള്ള 1,000 ടൺ സഹായ പാക്കേജിനൊപ്പം ഓപ്പറേഷൻ സാഗർ ബന്ധുവിലൂടെ 300 മെട്രിക് ടൺ അടിയന്തര ദുരിതാശ്വാസ സാമഗ്രികളും ഇന്നലെ ശ്രീലങ്കയിലിൽ എത്തിച്ചു. 700 ടൺ അടിയന്തസഹായവുമായി ഇന്ന് ഒരുകപ്പൽ കൂടി ട്രിങ്കോമാലിയിൽ എത്തും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

बहुजनहिताय बहुजनसुखाय
आकाशवाणी